# ഇൻകൽ ലിമിറ്റഡ്, കൊച്ചി

ക്വട്ടേഷൻ നോട്ടീസ് നമ്പർ - എൻ ഐ ക്യു / ഇൻകൽ/ ഇ.കെ.എം / 2018-19/ 207

തിയതി 13.02.2019

**വിഷയം: ട്രഷറികളുടെ അടിസ്ഥാന സൗകര്യ വികസനം - പ്രവർത്തനം നിർത്തിയ ട്രഷറിയുടെ പഴയ കെട്ടിടം പൊളിച്ച് എടുക്കുന്നത് സംബന്ധിച്ച്.-**

**സൂചിക: നമ്പർ - എൻ ഐ ക്യു / ഇൻകൽ/ ഇ.കെ.എം / 2018-19/ 207 തിയതി 13.02.2019**

തിരുവനന്തപുരം ജില്ലയിലെ മലയിൻകീഴ് സ്ഥിതി ചെയ്യുന്ന, പ്രവർത്തനം നിർത്തിയിട്ടുള്ള പഴയ ട്രഷറി കെട്ടിടം പൊളിച്ചു കൊണ്ടു പോകുന്നതിനു വേണ്ടി ക്വട്ടേഷൻ സമർപ്പിക്കുന്നതിന് കരാറുകാരെ ക്ഷണിച്ചു കൊള്ളുന്നു..

- ക്വട്ടേഷൻ സമർപ്പിക്കുന്നതിനുള്ള നിർദ്ദിഷ്ട ഫോറം ഈ ഓഫീസിൽ നിന്നും ഫിബ്രവരി 18 പകൽ 5 മണിവരെ ലഭിക്കുന്നതും കൂടാതെ, www.inkel.in എന്ന വെബ്സൈറ്റിൽ നിന്നും സൗജന്യമായി ഡൗൺലോഡ് ചെയ്തു എടുക്കാവുന്നതുമാണ്.

- ക്വട്ടേഷനോടൊപ്പം നിരതദ്രവ്യമായി 10,000/- രൂപ ഇൻകൽ ലിമിറ്റഡ്, കൊച്ചി (INKEL Limited, Kochi) എന്ന വിലാസത്തിൽ ഏതെങ്കിലും ഷെഡ്യൂൾഡ് ബാങ്കിൽ നിന്നും എടുത്തിട്ടുള്ള ഡിമാൻഡ് ഡ്രാഫ്റ്റ് ആയി പ്രത്യേകവറിൽ സമർപ്പിക്കേണ്ടതാണ്.

- ക്വട്ടേഷനുകൾ മുദ്രവെച്ച കവറിൽ നിരതദ്രവ്യത്തോടൊപ്പം ഫെബ്രുവരി 20 പകൽ 12 മണി വരെ ഈ ഓഫീസിൽ സ്വീകരിക്കുന്നതാണ്.

- കവറിനു പുറത്ത് "**മലയിൻകീഴിലെ പഴയ ട്രഷറി കെട്ടിടം പൊളിച്ചു നീക്കം ചെയ്യുന്നതിന് വേണ്ടിയുള്ള ക്വട്ടേഷൻ**" എന്ന് രേഖപ്പെടുത്തേണ്ടതും ആയത് മാനേജിംഗ് ഡയറക്ടർ, ഇൻകെൽ ലിമിറ്റഡ്, പോസ്റ്റ് ഓഫീസ് റോഡ്, കാക്കനാട്, കൊച്ചി-682030 എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതുമാണ്.

- ഫെബ്രുവരി 20 ന് മുൻപ് ക്വട്ടേഷൻ സമർപ്പിക്കുവാൻ സാധിക്കാത്തവർക്ക്, മുദ്രവച്ച ക്വട്ടേഷൻ നിരതദ്രവ്യത്തൊടൊപ്പം ഫെബ്രുവരി 22 ന് 11 മണിക്ക് മുൻപായി മലയിൻകീഴ് ട്രഷറിയിൽ സബ് ട്രഷറി ഓഫീസർ (S.T.O) മുൻപാകെ സമർപ്പിക്കാവുന്നതാണ്.

- നിരതദ്രവ്യം ഇല്ലാത്തതോ, നിബന്ധനകൾ പാലിക്കാത്തതോ ആയ 'ക്വട്ടേഷൻ ഫോറം' യാതൊരു മുന്നറിയിപ്പുമില്ലാതെ അപ്പാടെ തള്ളിക്കളയുന്നതാണ്. കരാറുകാരൻ ഒപ്പിടാത്തതും മറ്റ് ഏതെങ്കിലും രീതിയിൽ അപൂർണ്ണമായതുമായ ക്വട്ടേഷനുകളും തള്ളിക്കളയുന്നതാണ്

- ക്വട്ടേഷനുകൾ ഫെബ്രുവരി 22- ഉച്ചക്ക് 3.00 മണിക്ക് മലയിൻകീഴ് ട്രഷറി വളപ്പിൽ വച്ച് തുറക്കുന്നതായിരിക്കും.
- കാരണം വിശദീകരിക്കാതെ തന്നെ കരാർ നീട്ടിവെക്കുന്നതിനോ, നിബന്ധനകൾക്ക് മാറ്റം വരുത്തുന്നതിനോ ഇൻകൽ ലിമിറ്റഡിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.
- ടി കെട്ടിടം, മലയിൻകീഴ് സബ് ട്രഷറി ഓഫീസറുടേയൊ അദ്ദേഹം അധികാരപ്പെടുത്തിയിട്ടുള്ള മറ്റു ഉദ്യൊഗസ്ഥരുടെയോ സാന്നിധ്യത്തിൽ ഫെബ്രുവരി 13 മുതൽ ഓഫീസ് സമയങ്ങളിൽ സന്ദർശ്ശിക്കാവുന്നതാണ്.
- ക്വട്ടേഷനിൽ ഏറ്റവും ഉയർന്ന തുക രേഖപ്പെടുത്തിയ കരാറുകാരൻ മുഴുവൻ തുകയും ഇത് സംബന്ധിച്ച അറിയിപ്പ് ലഭിച്ചു 3 ദിവസ്സത്തിനകം നിർദ്ദേശിക്കുന്ന അക്കൗണ്ടിൽ നിക്ഷേപിച്ച് കരാർ ഉറപ്പിക്കേണ്ടതും അല്ലാത്ത പക്ഷം നിരതദ്രവ്യം തിരിച്ചു ലഭിക്കുന്നതല്ല.
- കരാറുമായി ബന്ധപ്പെട്ട എല്ലാ തുകകളും **"0070-60-800-42"** എന്ന ട്രെഷറി അക്കൗണ്ടിൽ നിക്ഷേപിച്ച്, ആയതിൻറെ ഒറിജിനൽ ചെല്ലാൻ രശീതി സബ് ട്രഷറി ഓഫീസർ (S.T.O), മലയിൻകീഴ് മുൻപാകെ സമർപ്പിക്കേണ്ടതുമാകുന്നു.
- ക്വട്ടേഷനിൽ വിജയിച്ചയാളുടെ നിരതദ്രവ്യം ഈ പ്രവർത്തിക്കുള്ള സെക്യൂരിറ്റി തുകയായി കണക്കാക്കുന്നതും, കെട്ടിടം പൊളിച്ച് വസ്തുക്കൾ നീക്കം ചെയ്ത് വളപ്പ് തൃപ്തികരമായി വൃത്തിയാക്കി തന്നതിന് ശേഷം മാത്രം ടി. തുക തിരികെ നൽകുന്നതുമാണ്.
- കെട്ടിടം തറ നിരപ്പുവരെ മാത്രം പൊളിച്ചു നീക്കേണ്ടതും, പൊളിച്ചെടുത്ത എല്ലാ വസ്തുക്കളും, പാഴ്‌വസ്തുക്കൾ ഉൾപ്പെടെ 7 ദിവസ്സത്തിനകം വളപ്പിൽ നിന്നും നീക്കം ചെയ്യേണ്ടതുമാണ്..
- ക്വട്ടേഷനിൽ വിജയിക്കാത്തവരുടെ നിരതദ്രവ്യം കരാർ സ്ഥിരപ്പെടുത്തിയതിനു ശേഷം തിരികെ നൽകുന്നതാണ്.

Sd/-

മാനേജിങ്ങ് ഡയറക്ടർ